# പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി X

## (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (FOREST, ENVIRONMENT AND TOURISM)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**നാലാമത് റിപ്പോർട്ട്**
**(2019 -2020)**

**FOURTH REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2019-2020)**

2019 മേയ് 28 -ാം തീയതി സമർപ്പിച്ചത്

(Presented on 28th May, 2019)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2019

# പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി X

## (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (FOREST, ENVIRONMENT AND TOURISM)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(2019 -2020)

FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2019-2020)

345/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (2019-2021)

**ഘടന**

**ചെയർമാൻ:**

ശ്രീ. കെ. രാജു,

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

**എക്സ്-ഒഫീഷ്യോ അംഗം:**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

**അംഗങ്ങൾ:**

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. എൽദോ എബ്രഹാം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. കെ. എം. ഷാജി

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. സണ്ണി ജോസഫ്.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി .

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

# അവതാരിക

2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

സമിതി, 19-2-2019, 28-2-2019 എന്നീ തീയതികളിൽ യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു:.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XVII | — | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം<br>മേജർ ഹെഡ്-3435 എക്കോളജിയും എൻവയോൺമെന്റും |
| ധനാഭ്യർത്ഥന നമ്പർ XX | — | ശുദ്ധജല വിതരണവും ശുചീകരണവും<br>മേജർഹെഡ് 2215-02-106-വായു, ജലമലിനീകരണം തടയൽ 190 (98) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് |
| ധനാഭ്യർത്ഥനനമ്പർ XXXIV | — | വനം |
| ധനാഭ്യർത്ഥന നമ്പർ XLII | — | വിനോദസഞ്ചാരം |

മേലുറഞ്ഞ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2019 മാർച്ച് 21-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2019 മാർച്ച് 21.

## റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXXIV—വനം

വോട്ട് ചെയ്തത്-673,40, 61,000 രൂപ

ചാർജ് ചെയ്തത്-1000 രൂപ

### പ്ലാൻ

2406-01-800-56—മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

ബഡ്ജറ്റ് വിഹിതം: 24 കോടി രൂപ

1. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മനുഷ്യ-മൃഗ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും വന്യമൃഗങ്ങൾ മുഖേനയുള്ള കൃഷിനാശവും, മനുഷ്യർക്കും കന്നുകാലികൾക്കും നേരിടേണ്ടിവരുന്ന ആക്രമണവും തടയുന്നതിനായി 2019-2020 കാലയളവിൽ വന്യജീവി സങ്കേതങ്ങൾ മെച്ചപ്പെടുത്തുക, നിർമ്മാണ പ്രവർത്തികൾ ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുക, ദ്രുത കർമ്മ സേനകൾ ശക്തിപ്പെടുത്തുക, പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക, മൃഗങ്ങളുടെ ആക്രമണ സാധ്യത മുൻകൂട്ടി കണ്ട് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുക, പൊതുജന സഹായത്തോടുകൂടിയുള്ള ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുക തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. 33 ശതമാനം വനിതകൾ ഗുണഭോക്താക്കളാകുന്ന ഈ പദ്ധതിയ്ക്കായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനഃപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-101-81—വന സംരക്ഷണം

ബഡ്ജറ്റ് വിഹിതം : 28 കോടി രൂപ

2. സംസ്ഥാനത്തെ വനമേഖലയുടെ മെച്ചപ്പെട്ട രീതിയിലുള്ള പരിപാലനത്തിന് വനമേഖലയുടെ ഏകീകരണം, വനാതിർത്തികളുടെ സ്ഥായിയായ വേർതിരിക്കൽ, വനസംരക്ഷണം എന്നിവ അനിവാര്യമാണ്. വനാതിർത്തികളുടെ സർവ്വെ, അതിർത്തി വേർതിരിക്കൽ, സർവ്വെ നടത്തുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങൽ, ജണ്ടകളുടെയും ബണ്ടുകളുടെയും അറ്റകുറ്റപ്പണികൾ, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ,

വനാതിർത്തികളിൽ ബെൽറ്റ് പ്ലാന്റിംഗ് നടപ്പിലാക്കൽ തുടങ്ങി നിരവധി പ്രവർത്തികളാണ് റവന്യൂ വിഹിതത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ 'കാട്ടുതീ' പ്രതിരോധ പ്രവർത്തനങ്ങൾ, കഞ്ചാവു കൃഷി തടയൽ, ചെക്ക് ഡാമുകളുടെയും കുളങ്ങളുടേയും നിർമ്മാണം, ജലാശയങ്ങളുടെ സംരക്ഷണം, ജൈവ രീതികൾ ഉപയോഗിച്ചുള്ള നദീതടങ്ങളുടെ സംരക്ഷണം തുടങ്ങിയ നിരവധി പ്രവർത്തികൾ ലക്ഷ്യമിടുന്നതും, 30 ശതമാനം വനിതകൾ ഗുണഭോക്താക്കളായിട്ടുള്ളതുമായ ഈ പദ്ധതിയ്ക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-02-110-48 —പുത്തൂർ സുവോളജിക്കൽ പാർക്ക്, വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ

3. തൃശ്ശൂർ മൃഗശാലയിലെ പക്ഷികളെയും മൃഗങ്ങളെയും ആവശ്യമായ സ്ഥല സൗകര്യമുള്ള മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി പുനരധിവസിപ്പിക്കുന്നതിനായി തൃശ്ശൂർ ഡിവിഷന്റെ കീഴിലുള്ള പട്ടിക്കാട് റെയിഞ്ചിൽ പുത്തൂർ വനഭൂമിയിൽ 136 ഹെക്ടർ പ്രദേശത്ത് സ്ഥാപിക്കുന്ന ഈ സുവോളജിക്കൽ പാർക്കിൽ, 40-ൽപ്പരം ഇനത്തിലുള്ള പക്ഷികളെയും മൃഗങ്ങളെയും പ്രകൃതിദത്തമായ തുറന്ന അന്തരീക്ഷത്തിൽ വളർത്തുന്നതിനും പ്രദർശിപ്പിക്കുന്നതിനുമായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 360 കോടി രൂപ എസ്റ്റിമേറ്റ് തുക പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 10.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4406-01-070-99 — റോഡുകൾ

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ

4. വനത്തിനുള്ളിലെ റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ഓവുചാലിന്റെ നിർമ്മാണം, സംരക്ഷണ ഭിത്തികളുടെ നിർമ്മാണം എന്നിവയ്ക്കും തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ നിന്നും വെള്ളപ്പൊക്കംമൂലം നാശം സംഭവിച്ച റോഡുകളുടെ പുനർ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും

അടിയന്തരമായി നടത്തേണ്ടതുള്ളതിനാൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4406-01-070-97—കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : 7 കോടി രൂപ

5. ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾക്കും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. കേരള വനം വകുപ്പിന്റെ പരിശീലന-വികസന ആവശ്യങ്ങൾക്ക് സഹായം നൽകുന്നതിനായി കേരള കാർഷിക സർവ്വകലാശാലയ്ക്കുള്ള ധനസഹായം 20 ലക്ഷം രൂപ XXIX-ാം നമ്പർ ധനാഭ്യർത്ഥന പ്രകാരം 2415-01-277-86 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക വനം വകുപ്പിന്റെ XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിൽ പുതിയ ശീർഷകം അനുവദിച്ച് ഉൾക്കൊള്ളിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നോൺ പ്ലാൻ

2406-01-800-92 —വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം

ബഡ്ജറ്റ് വിഹിതം : 40 ലക്ഷം രൂപ

7. വന്യജീവികൾ ജനവാസ മേഖലകളിൽ കടന്ന് മനുഷ്യ ജീവനും വിളകൾക്കും നാശനഷ്ടം വരുത്തുന്ന പ്രവണത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് വർദ്ധിച്ച നിരക്കിലുള്ള നഷ്ടപരിഹാരം നൽകുന്നതിനും വിളകൾക്ക് നാശനഷ്ടം സംഭവിക്കുമ്പോൾ ധനസഹായം നൽകുന്നതിനുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7.6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVII

## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

3435-04-103-93

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

8. 2018-2019 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ആലപ്പുഴ അറ്റൂരിലെ പൊതു മലിനജല ശുദ്ധീകരണ പ്ലാന്റിന് 5 കോടി രൂപ പ്രഖ്യാപിച്ച് ടോക്കൺ പ്രൊവിഷൻ അനുവദിക്കുകയുണ്ടായെങ്കിലും പദ്ധതി തുക അനുവദിക്കുന്നതിന് വേണ്ടി ഭരണാനുമതി ലഭിക്കുന്നതിനുള്ള ശിപാർശ ഇപ്പോഴും ധനകാര്യവകുപ്പിന്റെ പരിഗണനയിലുള്ള ഈ പദ്ധതിക്ക് 2019-2020 വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ പ്രാരംഭ നടപടികൾക്കായി 1 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVII

## കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

### പ്ലാൻ

3435-03-101-99—ജൈവവൈവിധ്യസംരക്ഷണം

ബഡ്ജറ്റ് വിഹിതം : 10.27 കോടി രൂപ

(i) ജൈവവൈവിധ്യ പരിപാലന സമിതികളുടെ ശാക്തീകരണവും പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ സംരക്ഷണ കർമ്മ പരിപാടികളും

ബഡ്ജറ്റ് വിഹിതം : 1.4 കോടി രൂപ

9. 2018-19 സാമ്പത്തികവർഷത്തിൽ 40 ജൈവവൈവിധ്യ പരിപാലന സമിതികളുടെ (ബി.എം.സി.) ശാക്തീകരണത്തിനായി 5 ലക്ഷം രൂപ വീതം നൽകുവാൻ ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് 40 ജൈവവൈവിധ്യ പരിപാലന സമിതികളെ തെരഞ്ഞെടുക്കുകയും ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തിരുന്നുവെങ്കിലും കേരളം നേരിട്ട മഹാപ്രളയത്തെ തുടർന്ന് പദ്ധതിയിനത്തിൽ അനുവദിച്ച വിഹിതം വെട്ടിക്കുറച്ചതിനാൽ ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് ഈ തുക നൽകുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ 40 ബി.എം.സി. കൾക്ക് 5 ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് ആകെ 2 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈയിനത്തിൽ 60 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതുണ്ട്.

(ii) അടിസ്ഥാന സൗകര്യ വികസനം / ഓപ്പറേഷണൽ ചാർജ്ജസ്

ബഡ്ജറ്റ് വിഹിതം : 60.50 ലക്ഷം രൂപ

10. നീതിപൂർവ്വകമായ പങ്കുവയ്ക്കൽ (എ.ബി.എസ്.) നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ കമ്പനികൾക്ക് നോട്ടീസ് നൽകിയിരുന്നതിനെതിരെ മിക്ക കമ്പനികളും കോടതിയെ സമീപിച്ചിരിക്കുന്ന സാഹചര്യത്തിൽ ബോർഡിന് ഒരു അഡ്വക്കേറ്റിന്റെ സഹായം ആവശ്യമായിട്ടുണ്ടെന്നും. അതോടൊപ്പം ഇതു സംബന്ധിച്ച മറ്റ് ആവശ്യങ്ങൾക്കുമായി ഈയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതുണ്ട്.

(iii) ആവാസ വ്യവസ്ഥകളുടെ വിവരശേഖരണവും ജൈവവൈവിധ്യ സ്ഥിതി വിവരങ്ങളുടെ വിശദീകരണവും

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ

11. നീതിപൂർവ്വകമായ പങ്കുവയ്ക്കലിന്റെ (എ.ബി.എസ്.) ഭാഗമായി കേരളത്തിലെ 14 ജില്ലകളിലെയും വിപണന മൂല്യമുള്ള ജൈവസമ്പത്തിനെക്കുറിച്ച് പഠനം നടത്തി അവയെ രേഖപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 70 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതുണ്ട്.

(iv) മലബാർ ജൈവവൈവിധ്യ മ്യൂസിയം & ഇൻകുബേഷൻ സെന്റർ

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ

12. പൊതുജനങ്ങളിൽ ജൈവവൈവിധ്യ സംരക്ഷണത്തിന്റെ അവബോധം വളർത്തുന്നതിനായി കണ്ണൂർ ജില്ലയിൽ ഒരു ജൈവവൈവിധ്യ മ്യൂസിയം നിർമ്മിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതുണ്ട്.

(v) വിഷയാടിസ്ഥാനത്തിലുള്ള ജൈവവൈവിധ്യ സംരക്ഷണ മേഖലകൾ

ബഡ്ജറ്റ് വിഹിതം : 94 ലക്ഷം രൂപ

13. ഈ ഇനത്തിന്റെ ഉപഘടകങ്ങളായ കൊല്ലം ജില്ലയിലെ ചടയമംഗലം കാവിന്റെയും കണ്ണൂർ ജില്ലയിലെ ഏഴോമിലെ കണ്ടൽ ഉദ്യാനത്തിന്റെയും പുനരുദ്ധാരണ പദ്ധതികൾക്കായി 2018-19 സാമ്പത്തികവർഷത്തിൽ 30 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു എങ്കിലും തുക അനുവദിക്കുകയുണ്ടായില്ല. ആയതിനാൽ ഈ ഇനത്തിൽ 11 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതുണ്ട്.

14. 2018-19 സാമ്പത്തികവർഷത്തിൽ പ്ലാൻ വിഹിതത്തിന്റെ 4-ാം ഗഡു അനുവദിക്കുന്നതിനായി സമർപ്പിച്ച പട്ടികയിൽ ഉൾപ്പെട്ടതും, തുക അനുവദിച്ചിട്ടില്ലാത്തതും നിർവ്വഹണം പൂർത്തീകരിച്ചതിനാൽ തുക അനുവദിക്കുവാൻ വ്യവസ്ഥയുള്ളതുമായ താഴെപ്പറയുന്ന ഘടകങ്ങൾക്ക് 99.12 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതുണ്ട്:

| | |
|---|---|
| ആവാസ വ്യവസ്ഥകളുടെ വിവരശേഖരണവും ജൈവവൈവിധ്യ സ്ഥിതി വിവരങ്ങളുടെ വിശദീകരണവും | 20.89 ലക്ഷം രൂപ |
| അടിസ്ഥാന സൗകര്യ വികസനം/ ഓപ്പറേഷണൽ ചാർജജസ് | 11.00 ലക്ഷം രൂപ |
| കേരള സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ്സും എക്സിബിഷനുകളും | 42.62 ലക്ഷം രൂപ |
| സെമിനാറുകൾ, ശിൽപ്പശാലകൾ, പ്രദർശനങ്ങൾ എന്നിവ മുഖേനയുള്ള അവബോധ പ്രവർത്തനങ്ങൾ | 10.00 ലക്ഷം രൂപ |
| സംസ്ഥാന ജൈവവൈവിധ്യ ഫണ്ട് | 14.61 ലക്ഷം രൂപ |

15. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി 3435-03-101-99 എന്ന ശീർഷകത്തിൽ 2.7012 കോടി രൂപ ധന പുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIV

## **കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

### നോൺ പ്ലാൻ

2406-02-110-59-36—സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 18 ലക്ഷം രൂപ

16. മുൻ വർഷങ്ങളിലെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ ശമ്പളേതരം എന്ന ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക ബോർഡിലെ മറ്റ് ഓഫീസ് ചെലവുകളായ വാട്ടർചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നിവയ്ക്ക് അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLII

## വിനോദസഞ്ചാരം

വോട്ട് ചെയ്യുത് - 440,57,86,000 രൂപ

ചാർജ്ജ് ചെയ്യുത് - ഇല്ല

### പ്ലാൻ

5452-01-101-99—അടിസ്ഥാന സൗകര്യങ്ങളുടേയും മറ്റു സൗകര്യങ്ങളുടേയും വികസനവും നിലവാരം ഉയർത്തലും

ബഡ്ജറ്റ് വിഹിതം : 132 കോടി രൂപ

17. കേരളത്തിൽ ഉണ്ടായ മഹാപ്രളയവും അനുബന്ധ പ്രശ്നങ്ങളുംമൂലം ടൂറിസം രംഗത്ത് ഉണ്ടായ മാന്ദ്യം ഇല്ലാതാക്കുന്നതിനുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കൽ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം പ്രവർത്തനസജ്ജമായ സാഹചര്യത്തിൽ മലബാർ മേഖലയുടെ സമഗ്ര ടൂറിസം വികസനത്തിനായുള്ള പ്രത്യേക ക്യാമ്പയിനുകൾ സംഘടിപ്പിക്കൽ, അന്താരാഷ്ട്ര പ്രശസ്തിയുള്ള വ്യക്തിയെ കേരള ടൂറിസത്തിന്റെ ബ്രാൻഡ് അംബാസിഡർ ആക്കിയുള്ള പ്രചാരണപരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങി നൂതന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്യുന്ന ഈ പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 18 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-101-86—അതിഥി മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടേയും മറ്റ് സൗകര്യങ്ങളുടേയും വികസനവും നിലവാരം ഉയർത്തലും

ബഡ്ജറ്റ് വിഹിതം : 35 കോടി രൂപ

18. പൗരാണിക മൂല്യമുള്ള എല്ലാ സർക്കാർ അതിഥി മന്ദിരങ്ങളുടെയും യാത്രീ നിവാസുകളുടെയും കേരളാ ഹൗസുകളുടെയും അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനും സുൽത്താൻ ബത്തേരി, കോഴിക്കോട്, മൂന്നാർ എന്നിവിടങ്ങളിലെ ഗസ്റ്റ് ഹൗസുകളുടെ അഡീഷണൽ ബ്ലോക്കുകളുടെ പണി പൂർത്തിയാക്കുന്നതിനും, കണ്ണൂർ സർക്കാർ അതിഥി മന്ദിരത്തിന്റെ അടിയന്തര നവീകരണത്തിനും ഗുരുവായൂരിൽ പുതിയ ഗസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിനും കന്യാകുമാരിയിൽ യാത്രീ നിവാസ് നിർമ്മിക്കുന്നതിനും

ശബരിമലയിൽ പുണ്യദർശനം കോംപ്ലക്സ് നിർമ്മിക്കുന്നതിനും സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞുവെങ്കിലും പണി പൂർത്തിയാക്കുന്നതിനായി നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 48 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള അതിഥി മന്ദിരങ്ങളുടെയും യാത്രീനിവാസുകളുടെയും കേരളാഹൗസുകളുടെയും അറ്റകുറ്റപ്പണികൾ, പ്രധാന പട്ടണങ്ങളിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന അതിഥി മന്ദിരങ്ങളുടെയും യാത്രീനിവാസുകളുടെയും നിർമ്മാണം തുടങ്ങിയവ മരാമത്ത് വകുപ്പ് പൂർത്തിയാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. നിലവിൽ ടൂറിസം വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും ഏറ്റെടുത്തു നടത്തുന്ന പൊതുമരാമത്ത് വകുപ്പിനെ ഒഴിവാക്കി പ്രസ്തുത മരാമത്ത് പണികൾ സ്വതന്ത്ര എംപാനൽഡ് ഏജൻസികളെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-104-98-ടൂറിസം—വിപണനവും പ്രോത്സാഹനവും

ബഡ്ജറ്റ് വിഹിതം : 82.5 കോടി രൂപ

20. വിവര വിനിമയ സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ദേശീയ/അന്തർദേശീയ വിപണികളിൽ വിനോദസഞ്ചാരം പ്രോത്സാഹന ക്യാമ്പയിനുകൾ, ബ്രാൻഡിംഗ് പങ്കാളിത്ത പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കൽ, കേരള ടൂറിസം പ്രചരണം ശക്തിപ്പെടുത്തുന്നതിനുള്ള നൂതന മാർഗ്ഗങ്ങൾ സംഘടിപ്പിക്കൽ, കേരള ടൂറിസം വെബ്സൈറ്റ്, മറ്റ് മൈക്രോ സൈറ്റുകൾ എന്നിവയുടെ നവീകരണം തുടങ്ങി ഒട്ടനവധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 37.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-800-34—ഉത്തരവാദിത്വത്തോടെയുള്ള വിനോദസഞ്ചാരം

ബഡ്ജറ്റ് വിഹിതം : 4.95 കോടി രൂപ

21. സംസ്ഥാനത്തുടനീളം ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി 2017-ൽ രൂപീകൃതമായ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും വിവിധ പ്രവർത്തനങ്ങളിലൂടെ 3000

ഉണഭോക്താക്കൾക്ക് പരിശീലനവും 2000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. മിഷന്റെ പ്രവർത്തനങ്ങൾ ലോകശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നതിനും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുകയും ചെയ്യുന്ന വിപുലമായ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി നടപ്പുവർഷത്തേയ്ക്ക് അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 2.55 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-800-90(26)-33—സ്വകാര്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 3.65 കോടി രൂപ

22. സ്വകാര്യ മേഖലയിലെ പൈതൃക കെട്ടിടങ്ങൾക്ക് (ഗൃഹസ്ഥലി) നൽകി ക്കൊണ്ടിരുന്ന പ്രോത്സാഹനം തുടർന്നു കൊണ്ടുപോകുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന ഈ പദ്ധതിയിലൂടെ പൊതുവായ മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ, ബോട്ട് ജെട്ടികൾ, ഡ്രൈഡോക്ക് സൗകര്യങ്ങൾ, സാഹസിക പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പൊതുപശ്ചാത്തല സൗകര്യങ്ങൾക്ക് വയബിലിറ്റി ധനസഹായം നൽകുക, മുടക്കം വന്നിട്ടുള്ള മൂലധന നിക്ഷേപ കുടിശ്ശിക തീർപ്പാക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു. നാളിതുവരെയുള്ള മൂലധനനിക്ഷേപ സബ്സിഡി, ഇലക്ട്രിസിറ്റി താരിഫ് സബ്സിഡി എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 36.35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നോൺ പ്ലാൻ

3452-01-103-99-04-1—ഗതാഗതം - യാത്രാചെലവുകൾ - യാത്രാബത്ത

ബഡ്ജറ്റ് വിഹിതം—2.20 ലക്ഷം രൂപ

23. ടൂറിസ്റ്റ് ഗ്യാരേജിന് കീഴിലുള്ള ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 1.3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. ടൂറിസം വകുപ്പിന്റെ കീഴിലുള്ള 141 വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനും അറ്റകുറ്റപ്പണികൾക്കും ഇന്ധനം വാങ്ങുന്നതിനുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) 3452-01-103-99-05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 3.30 ലക്ഷം രൂപ

അധികമായി വകയിരുത്തേണ്ട തുക - 1.20 ലക്ഷം രൂപ

(ii) 3452-01-103-99-21-2—മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം : 1.6569 കോടി രൂപ

അധികമായി വകയിരുത്തേണ്ട തുക - 4.31 ലക്ഷം രൂപ

(iii) 3452-01-103-99-45—പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം : 1.6811 കോടി രൂപ

അധികമായി വകയിരുത്തേണ്ട തുക- 31.89 ലക്ഷം രൂപ

3452-80-001-99-34—ഭരണം - മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 71.66 ലക്ഷം രൂപ

25. ബഹു. മന്ത്രിമാർക്കും, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മറ്റ് വി.ഐ.പി. കൾ എന്നിവരുടെ സന്ദർശനം, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ ആഘോഷങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ മറ്റ് ചെലവുകൾ എന്നിവയുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 1.0334 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-96- 04 - 1—ജില്ലാആഫീസുകൾ-യാത്രാചെലവുകൾ - യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 18.9 ലക്ഷം രൂപ

26. ടൂറിസം വകുപ്പിന്റെ കീഴിലുള്ള കേരളത്തിലെ 14 ജില്ലാ ആഫീസുകളിലെ ഉദ്യോഗസ്ഥരുടെ യാത്രാബത്ത അനുവദിക്കുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 11.1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-96 -02 -05—ജില്ലാ ആഫീസുകൾ - വേതനം - ദിവസവേതനം

ബഡ്ജറ്റ് വിഹിതം : ഇല്ല

27. ജില്ലാ ആഫീസുകളിൽ താൽക്കാലിക/ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് വേതനം നൽകുന്നതിനായി നടപ്പുവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-800-22—വി.വി.ഐ.പി. സന്ദർശനവുമായി ബന്ധപ്പെട്ട ചെലവ്

ബഡ്ജറ്റ് വിഹിതം : 38.58 ലക്ഷം രൂപ

28. ബഹു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, മറ്റ് വി.വി.ഐ.പി. കൾ തുടങ്ങിയവരുടെ സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 1.6142 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-95-34(3)—മറ്റ് ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം—33.07 ലക്ഷം രൂപ

29. ടൂറിസം വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ഗസ്റ്റ് ഹൗസിലെ ഭക്ഷണം തയ്യാറാക്കുന്നതിനുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 26.93 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-800-35-31—ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കളമശ്ശേരി-വ്യാപനകേന്ദ്രങ്ങൾ-സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 2.5994 കോടി രൂപ

30. ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെയും അനുബന്ധ വ്യാപന കേന്ദ്രങ്ങളിലെയും ജീവനക്കാരുടെ ശമ്പളം, കെട്ടിടവാടക, ട്രെയിനിംഗ് ചെലവ്, ഗ്രാറ്റുവിറ്റി പെൻഷൻ ആനുകൂല്യങ്ങൾ തുടങ്ങിയ അത്യന്താപേക്ഷിതമായ ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 4.4006 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2019 മാർച്ച് 21.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.